(ഡി) ഉണ്ട്. ആകെ 19 പേർ. അതു താഴെ പറയും വിധമാണ്.

ജോയിൻറ് സെക്രട്ടറി	1
ഡെപ്യൂട്ടി സെക്രട്ടറി	1
സെക്ഷൻ ഓഫീസർ	2
അസിസ്റ്റൻറ്സ്	4
കോൺഫിഡൻഷ്യൽ അസിസ്റ്റൻറ്സ്	4
ടൈപ്പിസ്റ്റ്	1
പ്യൂൺസ്	4
വാച്ച്മാൻ	1
ഡ്രൈവർ	1

പ്രൊട്ടക്റ്റഡ് അദ്ധ്യാപകർ

*147 [149] ശ്രീ. കെ.കെ. രാമചന്ദ്രൻമാസ്റ്റർ:

,, പി.പി. തങ്കച്ചൻ:

,, മണിമംഗലത്തു കുട്ട്യാലി:

,, എ.സി. ജോസ്:

,, ടി.എച്ച്. മുസ്തഫ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു പ്രൊട്ടക്റ്റഡ് അദ്ധ്യാപകരായി എത്ര പേരുണ്ട്; അവർക്കു വേണ്ടി ശമ്പളം തുടങ്ങിയ ഇനങ്ങളിൽ എത്ര തുക ചെലവഴിക്കുന്നുണ്ട്;

(ബി) ഇത്തരം അദ്ധ്യാപകരെ ഒഴിവുള്ള സ്കൂളുകളിൽ നിയമിച്ചതിനുശേഷം മാത്രമേ പുതിയ നിയമനം നടത്താവൂ എന്നു തീരുമാനിക്കുമോ?

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. ടി.എം. ജേക്കബ്):

(എ) 24-9-1985-ലെ കണക്കനുസരിച്ച് അയ്യായിരത്തി എഴുപത്തിരണ്ടു പ്രൊട്ടക്റ്റഡ് അദ്ധ്യാപകരുണ്ട്. അവർക്കായി ഏകദേശം ഒൻപത് കോടിയിൽപരം രൂപ ചെലവാക്കുന്നുണ്ട്. ഈ വർഷം പ്രൊട്ടക്റ്റഡ് അദ്ധ്യാപകരുടെ സംഖ്യയിൽ ഗണ്യമായ കുറവു വരുത്തുവാൻ സാദ്ധ്യതയുണ്ട്.

(ബി) സർക്കാർ സ്കൂളുകളിൽ ഉണ്ടാകുന്ന ഒഴിവുകളിലും പ്രൊട്ടക്റ്റഡ് അദ്ധ്യാപകരെ നിയമിച്ച മാനേജുമെൻറുകളുടെ സ്കൂളുകളിൽ ഉണ്ടാകുന്ന ഒഴിവുകളിലും പ്രൊട്ടക്റ്റഡ് അദ്ധ്യാപകരെ നിയമിക്കണമെന്ന ഉത്തരവ് നിലവിലുണ്ട്. കൂടാതെ പുതിയ വിദ്യാലയങ്ങൾ അനുവദിക്കുന്നതിനും വിദ്യാലയങ്ങൾ അപ്ഗ്രേഡ് ചെയ്യുന്നതിനുമുള്ള ഒരു വ്യവസ്ഥ, മാനേജുമെൻറുകൾ തൻമൂലമുണ്ടാകുന്ന ഒഴിവുകളിൽ 20% പ്രൊട്ടക്റ്റഡ് അദ്ധ്യാപകരെ നിയമിക്കണമെന്നതാണ്. ഇതു സംബന്ധിച്ച് മാനേജുമെൻറുകൾ ഒരു കരാർ എഴുതി തരേണ്ടതുണ്ട്. കരാറിൽ പറയുന്നതിൽ കൂടുതൽ പ്രൊട്ടക്റ്റഡ് അദ്ധ്യാപകരെ നിയമിക്കണമെന്ന് ആവശ്യപ്പെട്ടാൽ മാനേജുമെൻറുകൾ അതു നിയമപരമായി അനുസരിക്കാൻ ബാദ്ധ്യസ്ഥരല്ല.

LIBRARY ARCHIVES Kerala Legislative Assembly